കൊണ്ടു ഒഹിക്കയും ഇടിത്തീ എറ്റു ടി യാന്റെ സഹോദരി മരിക്കയും ചെയ്ത കുഴിത്തിൽ സംവേറിപ്പോട്ട് തയ്യാറാക്കുവാൻ ചെന്ന പൊല്ലീസ്സുകാക്ക് ദക്ഷിണ കൊടുക്കുവാനാണെന്നും പറഞ്ഞുകൊണ്ടു് അവിടത്തുകാരൻ പാപ്പച്ചൻ എന്നൊരു ആൾ പുലയന്റെ ചെമ്പും ഉരുളിയും മെമ്പുറപ്പിക്കു് പണയം വെച്ചതിനെയും മറ്റും കുറിച്ചു് ടി മയിലൻ ബോധിപ്പിച്ച ഹരജിക്കു്ഡിപ്പോട്ട്മെണ്ടിൽ നിന്നും എന്തു നടപടി നടത്തിട്ടുണ്ടെന്നു് സദയം പറയാമോ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—ഇങ്ങിനെ ഒരു ഹരജി ഇവിടെ കിട്ടിയിട്ടില്ല.

147. മിസ്റ്റർ കെ. പി. വള്ളോൻ.—ഒരു വലിയ അക്രമി എന്ന അറിയപ്പെടുന്ന ഇണ്ണുപ്പൻ എന്നാളെ പേടിച്ചു് സ്വദേശമായ പല്ലൂർ നിന്നും ഇരിങ്ങാലക്കുടക്കു പോയി അഭയം പ്രാപിച്ചിരുന്ന ചാത്തൻ ബോധിപ്പിച്ച ഹരജിക്കു്എന്തു നടപടി നടത്തിയെന്നു സദയം പറയാമോ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—അന്വേഷണം നടത്തി എതുകക്ഷിയെ താക്കീതു ചെയ്തിട്ടുണ്ടു്.

148. മിസ്റ്റർ കെ. പി. വള്ളോൻ.—പൊല്ലീസ്സു് സൈന്യത്തിൽ ചേർക്കപ്പെട്ട അധഃകൃതന്മാരുടെ പേരുവിവരം കാണിക്കുന്ന ഒരു പട്ടിക ഇവിടെ സദയം വെച്ചുതരാമോ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—

പേരു്.	ജാതി.
കുഞ്ഞൻ	വാലൻ
നീലകണ്ഠൻ	,,
കൊച്ചിററി	,,
ശങ്കരൻ	,,
വേലു	,,
ചോന്നൻ	കണക്കൻ
ഇക്കോരൻ	വേലൻ

149. മിസ്റ്റർ കെ. പി. വള്ളോൻ.—അധഃകൃതസമുദായത്തിൽ നിന്നും പൊല്ലീസ്സു് വകുപ്പിനെ വേണ്ടതുപോലെ പ്രതിനിധീകരിക്കുന്നില്ലെങ്കിൽ മേലാൽ കുറെ കാലത്തേക്കു ടി സമുദായത്തിൽ നിന്നു തന്നെ ഭൂരിപക്ഷം യുവാക്കളെ സൈന്യത്തിൽ ചേർക്കുവാൻ ഗവമ്മെണ്ടു് ആലോചിക്കുന്നുണ്ടോ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—പ്രതിനിധീകരിക്കുന്നുണ്ടു്.

150. മിസ്റ്റർ കെ. പി. വള്ളോൻ.—പലവിധത്തിലും മറ്റു ജാതിക്കാരാൽ ഉപദ്രവിക്കപ്പെട്ട അധഃകൃതർ ഫ്ഫാന മുതൽ ഫ്ഫാന കുക്കടകം വരെ പൊല്ലീസ്സു് കമ്മീഷണർ അവർകൾക്കു ബോധിപ്പിച്ചിട്ടുള്ള ഹരജികളുടെയും അവയിൽ ചാർജ്ജു ചെയ്തു ശിക്ഷിക്കപ്പെട്ട കേസ്സുകളുടേയും എണ്ണം എത്രയെന്നു സദയം അറിയിക്കാമോ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—ഹരജിക്കാരുടെ ജാതിവിവരം റജിസ്തിൽ ചേർത്തിട്ടില്ലാത്തതുകൊണ്ടു അധഃകൃതർ എത്ര ഹരജി ബോധിപ്പിച്ചിട്ടുണ്ടെന്നു പറയുവാൻ സാധിക്കയില്ല.

LIBRARY ARCHIVES Kerala Legislative Assembly